**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- പുനലൂർ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 594/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 11.03.2019

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.04.2014 തീയതിയിലെ ഇ 2(എസ്.സി 60/2013/കെഎൽഎം) 32311/2013 നം. കത്ത്

2. സർക്കാരിന്റെ 21.01.2016 തീയതിയിലെ ഇയു2-2/2014 -തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 14.01.2019 തീയതിയിലെ വി1- 2091/16/ഡിയുഎ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഓപ്പറേഷൻ സർവ്വീസ് റൈറ്റ്സ് എന്ന പേരിൽ പുനലൂർ നഗരസഭയിൽ 09.09.13-തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ അനധികൃതമായ ഹാജരില്ലായ്മയും അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കാതെ വന്നിട്ടുള്ളതും കണ്ടെത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒന്ന് വിജിലൻസ് ഡയറക്ടർ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി അഖില വി.ആർ., ശ്രീ എൻ സന്തോഷ് കുമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ശ്രീമതി എസ്.എൻ.ശ്രീജ, ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.മുരളീധരൻ,ശ്രീ റ്റി. ജോസഫ്, ശ്രീ ആർ. ശിവാനന്ദൻ എന്നിവർക്ക് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ബന്ധപ്പെട്ട ജീവനക്കാരുടെ മറുപടിയുടേയും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു

2. വിജിലൻസ് പരിശോധനാ ദിവസം ശ്രീമതി അഖില വി.ആർ, ശ്രീ.എൻ. സന്തോഷ് കുമാർ, ശ്രീമതി.എസ്.എൻ ശ്രീജ എന്നിവർ അനധികൃത അവധിയെടുത്തത് ഗുരുതരവീഴ്ചയാണെങ്കിലും ആകസ്മിക കാരണങ്ങളാലാണ് ടി അവധിയിൽ പ്രവേശിച്ചതെന്നത് പരിഗണിച്ചും മന:പൂർവ്വമല്ലാത്ത പിഴവ് മാപ്പാക്കണമെന്നുള്ള അഭ്യർത്ഥനകൾ പരിഗണിച്ചും, ടിയാളുകളുടെ മറുപടികളുടേയും കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ തുടർന്നുള്ള അച്ചടക്കനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണ് എന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു .

3. അപേക്ഷകൾ യഥാസമയം തീർപ്പ് കല്പിക്കാതെ വന്നിട്ടുള്ളതിനും രജിസ്റ്ററുകൾ യഥാവിധി സൂക്ഷിക്കാത്തതിനാലുമാണ് ശ്രീ റ്റി.ജോസഫ്, ശ്രീ ആർ. ശിവാനന്ദൻ, ശ്രീ എം. മുരളീധരൻ നായർ എന്നിവർക്ക് കുറ്റാരോപണ മെമ്മോ നൽകിയിരുന്നത്. ഡി & ഒ ലൈസൻസിനുള്ള അനേകം അപേക്ഷകൾ തീർപ്പ് കല്പിക്കാതെ കണ്ടെത്തിയിട്ടുള്ളതും പാരാ മെഡിക്കൽ സ്ഥാപനങ്ങളുടേയും പ്രൈവറ്റ് ആശുപത്രികളുടേയും രജിസ്ട്രേഷൻ സംബന്ധിച്ച അപേക്ഷകൾ സേവനാവകാശ നിയമപ്രകാരമുള്ള നിശ്ചിത കാലയളവിനു ശേഷവും തീർപ്പാക്കാതെ സൂക്ഷിച്ചിട്ടുള്ളതും ആശാസ്യമല്ലാത്തതും ടിയാളുകളുടെ മറുപടികളിൽ പറയുന്ന ന്യായീകരണങ്ങൾ തൃപ്തികരമല്ലാത്തതുമാണ് എന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു പ്രസ്തുത സാഹചര്യത്തിൽ,

31.05.2017- ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള ശ്രീ.എം.മുരളീധരൻ നായരെ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും അപേക്ഷകൾ യഥാസമയം തീർപ്പ് കല്പിക്കുന്നതിൽ വീഴ്ച വരുത്തിയ ശ്രീ റ്റി. ജോസഫ്, ശ്രീ ആർ.ശിവാനന്ദൻ എന്നിവർക്ക് യുക്തമായ ശിക്ഷ നൽകാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം വിശദമായി പരിശോധിച്ചു. വിജിലൻസ് പരിശോധനാ ദിവസം ശ്രീമതി അഖില വി.ആർ.ശ്രീ.എൻ.സന്തോഷ് കുമാർ, ശ്രീമതി.എസ്.എൻ.ശ്രീജ എന്നിവർ അനധികൃത അവധിയിൽ കാണപ്പെട്ടത് ആകസ്മിക കാരണങ്ങളാലാണെന്നതിനാലും ടിയാളുകളുടെ മറുപടികളുടേയും കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിലും, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. മുരളീധരൻ സേവനത്തിൽ നിന്നും 31.05.2017 ൽ വിരമിച്ചതിനാലും കഠിന ശിക്ഷയായ പെൻഷനിൽ കുറവ് വരുത്തുന്നതിന് തക്ക അതീവ ഗുരുതരക്രമക്കേടല്ലായിതെന്നതിനാലും ടിയാളുകൾക്കെതിരായ നടപടികൾ ഒഴിവാക്കാവുന്നതാണ്. എന്നാൽ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ റ്റി.ജോസഫ്,ശ്രീ ആർ. ശിവാനന്ദൻ എന്നിവർ ആരോപണവിഷയത്തിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പുനലൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ ഉദ്യോഗസ്ഥർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി അഖില വി. ആർ, ശ്രീ എൻ സന്തോഷ് കുമാർ , ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ശ്രീമതി എസ്.എൻ ശ്രീജ, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.മുരളീധരൻ എന്നിവർക്കെതിരായ തുടർനടപടികൾ ഒഴിവാക്കിക്കൊണ്ടും, ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ റ്റി.ജോസഫ്, ശ്രീ.ആർ. ശിവാനന്ദൻ എന്നിവർക്കെതിരായ അച്ചടക്കനടപടി ഒരു വാർഷിക വേതന വർധനവ് സഞ്ചിതബല പ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ടും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി അഖില വി. ആർ.എൽ . ഡി ക്ലാർക്ക്/ ബിൽ കളക്ടർ, പുനലൂർ നഗരസഭ
ശ്രീ എൻ സന്തോഷ് കുമാർ,ക്ലാർക്ക്, പുനലൂർ നഗരസഭ
ശ്രീമതി എസ്. എൻ ശ്രീജ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ,പുനലൂർ നഗരസഭ
ശ്രീ. എം. മുരളീധരൻ നായർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, പുനലൂർ നഗരസഭ
ശ്രീ റ്റി . ജോസഫ് ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, പുനലൂർ നഗരസഭ
ശ്രീ ആർ.ശിവാനന്ദൻ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1, പുനലൂർ നഗരസഭ } (നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(13.02.2019 തീയതിയിലെ VIG D1/ 109/ 2019- VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ